**അടിയന്തരപ്രമേയം**

## കശുവണ്ടിമേഖല നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കശുവണ്ടിവികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളും സ്വകാര്യ ഫാക്ടറികളും പ്രവർത്തിക്കാത്തതുമൂലം ജോലിയില്ലാതെ കഴിയുന്ന തൊഴിലാളികൾ കഷ്ടപ്പെടുകയാണെന്നും അവരുടെ ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സയും നിരസിപ്പിക്കുകയാണെന്നും ഇതുമൂലം കശുവണ്ടിമേഖലയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും 2018 ജനുവരി 30 വരെ 228 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കാപ്പക്സ് 2017-18 ഡിസംബർ മാസംവരെ 178 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിരുന്നു. കാപ്പക്സിലും കോർപ്പറേഷനിലും

തോട്ടണ്ടി ലഭ്യമാക്കി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ പുതുതായി ആരംഭിച്ച 'കേരള കാഷ്യൂ ബോർഡ്' മുഖാന്തിരം സർക്കാർ സ്വീകരിച്ചുവരികയാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ 'അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള'യുമായി ചർച്ച നടത്തിയിട്ടുണ്ട്. വനംവകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് 2017-ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018-ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് വനംവകുപ്പ് നടപടിയെടുക്കുകയാണ്. മറ്റു തോട്ടങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥലത്തെ റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4,250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ കേരള സംസ്ഥാന കശുവണ്ടി വികസന ഏജൻസി മുഖാന്തിരം 'ന്യൂ ഗാർഡൻസ് സ്കീമിൽ' 2000 ഹെക്ടർ സ്ഥലത്ത് ഏകദേശം 4 ലക്ഷം ഗ്രാഫ്റ്റ്, പൊതുമേഖലയിലും മറ്റും തരിശായി കിടക്കുന്ന ഭൂമിയിൽ 1000 ഹെ്കടർ സ്ഥലത്ത് 2 ലക്ഷം തൈകൾ, കുടുംബശ്രീ, തൊഴിലുറപ്പ്

പദ്ധതികൾ വഴി സ്കൂളുകളുടെയും കോളേജുകളുടെയും സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി 1,250 ഹെക്ടർ സ്ഥലത്ത് ഏകദേശം രണ്ടര ലക്ഷം തൈകളും വിതരണം ചെയ്തുവരുന്നു. കാഷ്യു ബോർഡ് 2017 ഒക്ടോബറിലാണ് നിലവിൽ വന്നത്. ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാഷ്യു ബോർഡ് പ്രവർത്തിക്കുകയാണ്. കശുവണ്ടി ഉല്പാദക രാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ അംബാസിഡർമാരും കശുവണ്ടിമേഖലയിൽ പ്രവർത്തിക്കുന്നവരുമായും കാഷ്യു ബോർഡ് നേരിട്ട് ചർച്ച നടത്തിയിരുന്നു. കാഷ്യു ബോർഡിന് സർക്കാർ വകുപ്പിന്മേൽ വായ്പ നൽകാമെന്ന് സമ്മതിച്ച് ബാങ്കുകളുടെ കൺസോർഷ്യം തീരുമാനമെടുത്തിട്ടുണ്ട്.

തൊഴിലാളികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനും ഗുരുതരമായ രോഗം ബാധിച്ചവരെ സൗജന്യമായി ചികിത്സിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ജീവനക്കാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നു. പരമ്പരാഗത മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് കടക്കെണിയിലകപ്പെട്ട കശുവണ്ടി

മേഖലയിലെ വ്യവസായസ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തുകയും ജപ്തി നടപടികളിൽ നിന്ന് പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മെയ് 31- വരെ ഈ വായ്പകളിൽ മൊറൊട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഒരുമാസത്തിനുള്ളിൽ ഫാക്ടറികൾക്ക് പ്രത്യേകം പ്രത്യേകമായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കാൻ നിശ്ചയിച്ചിട്ടുമുണ്ട്. പുനരുദ്ധരിക്കാൻ കഴിയാത്ത ഫാക്ടറികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും പരിഗണനയിലുണ്ട്. ഈ നടപടികളെല്ലാം സ്വീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര പ്രാധാന്യം ഇതിൽ അടങ്ങിയിട്ടില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നല്ലനിലയിൽ കൊണ്ടുപോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇന്ന് കശുവണ്ടി വികസന കോർപ്പറേഷൻ 30 ഫാക്ടറികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ കാപ്പക്സിന്റെ നേതൃത്വത്തിൽ 10 ഫാക്ടറികളും സ്വകാര്യമേഖലയിൽ ഏതാണ്ട് 900-ന് അടുത്തോളമുള്ള ഫാക്ടറികളുമുണ്ട്. ഇതെല്ലാം ഇന്ന് അടച്ചുപൂട്ടിയിരിക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുകയാണ്. ഈ രംഗത്ത് ഏതാണ്ട്

രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുകയാണ്. ആ രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുമ്പോൾ അതിൽ ഏതാണ്ട് 90 ശതമാനത്തിലധികം സ്ത്രീ തൊഴിലാളികളാണ് വരുന്നത്. ബാക്കിയുള്ള തൊഴിലാളികൾ മാത്രമേയുള്ളൂ പുരുഷന്മാരായിട്ടുള്ള തൊഴിലാളികൾ. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് ഇവർക്ക് എല്ലാ ദിവസങ്ങളിലും പണി നൽകുമെന്നും 'ഞങ്ങളെല്ലാം ശരിയാക്കിത്തരാം' എന്ന് അങ്ങയെപ്പോലുള്ള ആളുകൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലുമാണ് ഈ തൊഴിലാളികൾ ഒന്നടങ്കം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങളെ സഹായിച്ചതും നിങ്ങൾക്ക് അനുകൂലമായി തീരുമാനമെടുത്തതും. എന്നാൽ ആ തീരുമാനങ്ങൾ കൈക്കൊണ്ടു എങ്കിലും ഇന്ന് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരൊക്കെ പട്ടിണിയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുകയാണ്. ഇതിന് ഒരു പരിഹാരമാർഗ്ഗം ഏറ്റവും അത്യാവശ്യമാണ്. പട്ടിണിയിലായിരിക്കുന്നുവെന്ന് പറയുമ്പോൾ അങ്ങ് ഇവിടെ പറഞ്ഞതിന്റെ കൂട്ടത്തിൽ പറഞ്ഞു നമ്മുടെ കശുവണ്ടിവികസന കോർപ്പറേഷൻ ഏതാണ്ട് 2 വർഷമായി, 2016-17, 2017-18 സാമ്പത്തികവർഷം കശുവണ്ടിവികസന കോർപ്പറേഷന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ടുകൊണ്ട് കൊടുത്ത ഒരു രേഖയുണ്ട്. അതിനകത്ത് 2016-17-ൽ 75 പ്രവൃത്തിദിനങ്ങളും 2017-

18 വരെ ഏതാണ്ട് 139 പ്രവൃത്തി ദിനങ്ങളും പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നാണ് പറഞ്ഞിരിക്കുന്നത്. ചെറിയ വ്യത്യാസങ്ങളുണ്ടെങ്കിൽ ഞാനും അങ്ങ് പറയുന്നതൊക്കെ സമ്മതിക്കാം. എന്നിരുന്നാൽ പോലും ഇന്നിപ്പോഴുള്ള അവസ്ഥയെന്താണ്? ഈ ഫാക്ടറികളെല്ലാം അടച്ചുപൂട്ടിയിരിക്കുന്നു. ഈ ഫാക്ടറികളെല്ലാം അടച്ചുപൂട്ടാനുള്ള കാരണമെന്ന് പറയുന്നത് അവശ്യംവേണ്ടുന്ന അസംസ്കൃത വസ്തുക്കൾ അതായത്, തോട്ടണ്ടി ഇവിടെ കൊടുക്കുവാൻ കഴിയുന്നില്ലായെന്നുള്ളതുകൊണ്ടാണ് അങ്ങനെയൊരു അവസ്ഥാവിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ തന്നെ പറഞ്ഞ ഒരു കാര്യമുണ്ട്. ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യുമെന്നും കശുമാവ് കൃഷി വികസനത്തിനായി കശുമാവ് കൃഷി വിസ്തൃതി വർദ്ധിപ്പിക്കുമെന്നുമൊക്കെയാണ്. അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാണ് അങ്ങ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചത്. സ്കൂളുകൾ അടക്കമുള്ള കോമ്പൗണ്ടുകളിൽ ഇത് വച്ചുപിടിപ്പിക്കാൻവേണ്ടി നടപടിയെടുത്തിട്ടുണ്ടെന്നാണ് പറഞ്ഞത്. അതുപോലെ മറ്റൊരു കാര്യം, മറ്റു സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് തോട്ടങ്ങൾ വികസിപ്പിക്കുമെന്നും തോട്ടണ്ടി ഇറക്കുമതിയ്ക്കായി ആഫ്രിക്കൻ രാജ്യങ്ങളിലെ സർക്കാർ ഏജൻസിയുമായി ചേർന്ന്

സ്ഥായിയായ ഒരു ക്രമീകരണം നടത്തുമെന്നുമൊക്കെ നയപ്രഖ്യാപനത്തിൽ ഇവിടെ ബഹുമാന്യനായ ഗവർണ്ണറെക്കൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി. ഈ കാര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ പോയി സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്ത് അവിടെ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്യുമെന്നും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞതിൽ എന്തെങ്കിലും നടപ്പാക്കുവാൻ ഈ രണ്ടുവർഷക്കാലം പൂർത്തീകരിക്കുന്ന ഈ വേളയിൽ നടന്നിട്ടുണ്ടോയെന്നുകൂടി അങ്ങ് ഇവിടെ പറയണം. ഇന്ന് ഈ തൊഴിലാളികളെല്ലാം പട്ടിണിയിലാണ്, പട്ടിണികിടക്കുന്ന അവസ്ഥയിലേയ്ക്ക് വരുന്നു. ഇവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞു. അങ്ങ് അത് പറഞ്ഞത് സത്യസന്ധമായിട്ടാണോയെന്ന് അങ്ങുതന്നെ പരിശോധിക്കണം. ഞാൻ അങ്ങ് പറഞ്ഞതിനെയെല്ലാം നിഷേധിക്കുകയല്ല. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ മേഖലകളിലെ തൊളിലാളികൾക്കെങ്കിലും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് അങ്ങ് ഒരു പരിശോധന നടത്തണം. ജോലിയില്ലാതെ, പട്ടിണിയിൽ കിടക്കുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നിലച്ചിരിക്കുന്നു. അതൊരു തിരിച്ചടിയായി മാറിയിരിക്കുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് 156 ദിവസത്തെ ഹാജരുണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയമ ഭേദഗതി പ്രകാരം ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുൾപ്പെടെയുള്ള ആനുകൂല്യം നൽകുന്നതിന് അർഹതയുള്ളൂവെന്നാണ് പറയുന്നത്. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും ഇത്രയും ഹാജർ ലഭിക്കുന്നില്ലെന്നതാണ് സത്യാവസ്ഥ. ഹൃദ്രോഗവും വൃക്ക രോഗവും പിടിപെട്ട തൊഴിലാളികൾ സൗജന്യ ചികിത്സയ്ക്കുവേണ്ടി നെട്ടോട്ടമോടുകയാണ്. ഇതുമാത്രമല്ല ഇ.എസ്.ഐ. ആനുകൂല്യം നിഷേധിക്കുന്നു. അതുകൂടാതെ പത്തുവർഷത്തിനിടയിൽ 3650 ദിവസത്തെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കാത്ത തൊഴിലാളികൾക്ക് മിനിമം പെൻഷൻപോലും ലഭിക്കുന്നില്ല. 3650 ദിവസത്തെ തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്തുവെങ്കിൽ മാത്രമേ അവർക്ക് മിനിമം പെൻഷൻ ലഭിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ഓരോ പ്രവർത്തനങ്ങളും ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടുതൽ തോട്ടണ്ടികൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അവിടെ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സർക്കാർ ഏറ്റെടുക്കുമെന്നാണ് ബഹുമാന്യനായ അങ്ങ് സഭയിൽ പറഞ്ഞത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതുമായി

ബന്ധപ്പെട്ടുകൊണ്ട് അവിടെയുള്ള സ്വകാര്യമുതലാളികളുമായി കൂട്ടുകച്ചവടം നടന്നുവെന്നാണ് ഇക്കഴിഞ്ഞ നാളുകളിൽ പുറത്തുവന്നൊരു വാർത്ത. സ്വാകര്യമുതലാളിമാരുമായി കൂട്ടുകച്ചവടം നടന്നത് എങ്ങനെയാണ്; തോട്ടണ്ടി സംഭരണം നടത്താൻ ജില്ലാ പഞ്ചായത്തിനെ ചുമതലയേൽപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. വി. സുമേഷിന്റെ അദ്ധ്യക്ഷതയിൽ യോഗമൊക്കെ വിളിച്ചുകൂട്ടി ഒരു സമിതിയെ നിയോഗിച്ചു. ആ സമിതിയുടെ നേതൃത്വത്തിൽ തോട്ടണ്ടി ഏറ്റെടുക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനമെടുത്തു. ആ തീരുമാനമൊക്കെ വാർത്തകളിൽ വന്നതും എഴുതി വച്ചുവെന്നതുമല്ലാതെ അവിടെ യാതൊരു നടപടിയും നടപ്പിലാക്കിയില്ലെന്നു മാത്രമല്ല അവിടെയുണ്ടായിരുന്ന കശുവണ്ടി സംഭരിച്ചത് സ്വകാര്യ മുതലാളിമാരാണ്. അതുകൊണ്ട് എന്ത് സംഭവിച്ചു; കാഷ്യൂ കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ അസംസ്കൃത വസ്തുക്കൾ എത്തിക്കുവാൻ നമുക്ക് കഴിഞ്ഞില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി ഏറ്റവും ഗുണനിലവാരമുള്ളതാണെന്നാണ് നമ്മളൊക്കെ കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്ന കശുവണ്ടിയ്ക്ക് ഏതാണ്ട് ആറായിരത്തിലധികം കോടി രൂപയുടെ വിദേശനാണ്യം കിട്ടുന്നത്. ഇപ്പോൾ പ്രൈവറ്റ്/സ്വകാര്യമേഖലയിലുള്ളവർ അതിന് നേതൃത്വം കൊടുത്തുകൊണ്ട്,

അതിനുള്ള ഏർപ്പാടുകൾ നടത്തപ്പെടുമ്പോൾ ഇതെങ്ങനെ മുമ്പോട്ട് പോകുവാൻ കഴിയുമെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആലോചിക്കണം. ഈ വിഷയങ്ങളൊക്കെ പരിഹരിക്കപ്പെടുന്നതിനാണ് അങ്ങയുടെ മന്ത്രിസഭയിൽ പ്രമുഖനായൊരു മന്ത്രിയെ ചുമതലപ്പെടുത്തിയത്. ആ ബഹുമാന്യയായ മന്ത്രി ആ മേഖലയിൽ നിന്നും കടന്നുവരുന്നയാളാണ്. സത്യം പറഞ്ഞാൽ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ആൾ ഞാനല്ല. അപ്പുറത്തിരിക്കുന്ന ശ്രീ. എം. നൗഷാദ് മിണ്ടാട്ടമില്ലാതെ വായ് മൂടിക്കെട്ടി ഇരിക്കുകയാണ്. അദ്ദേഹത്തെപോലുള്ളൊരു ജനപ്രതിനിധി ഇക്കാര്യത്തെക്കുറിച്ച് അഭിപ്രായം പറയണം. അത് അറിയണ്ടേ; അദ്ദേഹം എങ്ങനെയാണ് ഈ സഭയിൽ വന്നത്; പതിനായിരകണക്കിന് തൊഴിലാളികളുടെ വികാരങ്ങൾ ഉണർത്തി വിട്ടുകൊണ്ട് ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ എല്ലാം ശരിയാക്കിതരാമെന്ന് പറഞ്ഞതിന്റെയടിസ്ഥാനത്തിലാണ് ബഹുമാന്യനായ എം. നൗഷാദ് ഉൾപ്പെടെയുള്ള ആളുകൾ ഈ സഭയിലേയ്ക്ക് കൊല്ലം ജില്ലയിൽ നിന്നും കടന്നുവരുവാനുള്ള അവസരം ഉണ്ടായത്. ഈ പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കണം. പാവപ്പെട്ട തൊഴിലാളികൾക്ക് അവസരം ഒരുക്കികൊടുക്കണം. ആ പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിൽ ദിനങ്ങൾ സംഭാവന

ചെയ്യാൻ കഴിയണം. ഇന്ന് ആത്മഹത്യ നടക്കുകയാണ്. ഒരാൾ ആത്മഹത്യ ചെയ്തു. മറ്റൊരാൾ ആത്മഹത്യയ്ക്ക് ശ്രമിച്ചുവെന്ന് പത്രത്തിൽ വന്നൊരു വാർത്തയുണ്ട്. ആത്മഹത്യയ്ക്ക് ശ്രമിച്ചയാൾ ഇപ്പോൾ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഇങ്ങനെ ആത്മഹത്യയുടെ എണ്ണം വർദ്ധിച്ചുവരാൻ പോകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങനെ ആത്മഹത്യയുടെ എണ്ണം വർദ്ധിച്ചുവരാൻ പോകുകയാണെന്ന് പറയുമ്പോൾ, തൊഴിലാളികൾ പട്ടിണി കിടക്കുന്ന അവസരമുണ്ടാകുമ്പോഴും തൊഴിൽ ലഭിക്കാതെ വരുന്ന അവസരമുണ്ടാകുമ്പോഴും പാവപ്പെട്ട തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലേയ്ക്ക് കടന്നുപോകുന്നൊരു സ്ഥിതി വിശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടാക്കിയെടുക്കുന്നുവെന്നത് ഞാൻ എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അങ്ങ് തന്നെ പലയിടങ്ങളിലും വാക്കാൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെയും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിന്റെയും നേതൃത്വത്തിൽ തൊഴിലാളി സംഘടനയുടെ നേതാക്കന്മാർ ഈയടുത്ത ദിവസം അങ്ങയെ വന്ന് കാണുകയുണ്ടായി. അവർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചു. ആ ആവശ്യങ്ങളിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തൊഴിൽ കൊടുക്കാൻ കഴിയാതെ വന്നപ്പോൾ ഗവൺമെന്റ് ഇടപെട്ട് താൽക്കാലികാശ്വാസം എന്ന നിലയിൽ അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങളെടുക്കുകയുണ്ടായി. ഇന്ന് ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട അവസ്ഥയിൽ ഒരു പതിനായിരം രൂപയെങ്കിലും അവർക്ക് ആശ്വാസമെന്ന നിലയിൽ കൊടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. മാത്രമല്ല സൗജന്യ റേഷനും നൽകണം.

<u>മി. സ്പീക്കർ</u>: ശ്രീ. അടൂർ പ്രകാശ്, പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ തൊഴിലാളികളെ പട്ടിണിക്കിട്ട് കൊല്ലുവാനുള്ള അവസരവും കൊല ചെയ്യുവാനുള്ള

അവസരവും ഉണ്ടാകുവാൻ പാടില്ല. അതുകൊണ്ടുതന്നെ വളരെ ഗൗരവമേറിയ ഒരു വിഷയമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി അത് നിഷേധിച്ചുകൊണ്ടു പറഞ്ഞത് തൊഴിലാളികളുടെ കാര്യങ്ങൾ വിസ്മരിച്ചുകൊണ്ട് പറഞ്ഞതാണോയെന്ന് ഞാൻ സംശയിക്കപ്പെടുന്നു. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഒരു പുനർ ആലോചന നടത്തി ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കശുവണ്ടി തൊഴിലാളികളുടെ പ്രശ്നം ആത്യന്തികമായി പരിഹരിക്കണമെങ്കിൽ ആവശ്യമായ തോട്ടണ്ടി നമുക്ക് ലഭ്യമാകേണ്ടതായിട്ടുണ്ട്. ആ കാര്യത്തിലാണ് ഗൗരവമായ നടപടികൾ സ്വീകരിച്ചുവരുന്നത്. നേരത്തെ മറുപടിയിൽ പ്രസ്താവിച്ച രീതിയിലുള്ള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ഫലപ്രദമായിതന്നെയാണ് ഈ കാര്യത്തിൽ നീങ്ങുന്നത്. ഇതുമായി ബന്ധപ്പെട്ട് തോട്ടണ്ടി കൂടുതൽ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ അംബാസിഡറുമാരുമായി ബന്ധപ്പെട്ട് ഇവിടെ ഒരു യോഗം നടന്നിരുന്നു. അവരും ഇക്കാര്യത്തിൽ ആവശ്യമായ സഹായം ചെയ്യാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗവൺമെന്റുകളുമായി ബന്ധപ്പെടുന്ന നില സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഇന്ന് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആകാവുന്നതെല്ലാം അടിയന്തര പ്രാധാന്യത്തോടെ ചെയ്യാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വകാര്യമേഖലയിലുള്ള പ്രശ്നവും കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പക്സിലുമുള്ള പ്രശ്നവും വ്യത്യസ്ഥങ്ങളായിട്ടുള്ളതാണ്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും, ഇവിടെ നേരത്തെ പ്രസ്താവിച്ച രീതിയിൽ, നല്ല നിലയ്ക്ക് തൊഴിൽദിനങ്ങൾ നൽകിയിരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ 228 തൊഴിൽദിനങ്ങളും കാപ്പക്സ് ഡിസംബർ വരെ എടുത്താൽ 178 തൊഴിൽദിനങ്ങളുമാണ് ലഭ്യമാക്കിയത്. ഇത് വർദ്ധിക്കണമെന്നകാര്യത്തിൽ സംശയമില്ല. വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. തോട്ടണ്ടിയുടെ ആഭ്യന്തര സംഭരണത്തിന്റെ കാര്യത്തിൽ നേരത്തെയുള്ള നിലപാടല്ല, നേരത്ത എന്നുപറഞ്ഞാൽ ദശാബ്ദങ്ങൾക്കുമുമ്പുണ്ടായിരുന്ന നിലപാടല്ല ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളത്. കശുവണ്ടിയുടെ കുത്തക സംഭരണം ഉണ്ടായിരുന്ന ഘട്ടത്തിൽ അതിനെ എല്ലാവരും ശക്തമായി എതിർത്ത ഒന്നായിരുന്നു. ആ കുത്തക സംഭരണം കൃഷിക്കാരുടെ താൽപ്പര്യത്തിന് എതിരാകുന്നുവെന്ന് കണ്ടുകൊണ്ട് കൃഷിക്കാർ മൊത്തമായി അതിനെ എതിർക്കുന്ന

നിലയുണ്ടായി. ഇപ്പോൾ കുത്തക സംഭരണമില്ല. മാർക്കറ്റിൽ നിന്ന് മറ്റുള്ളവരോടൊപ്പം കശുവണ്ടി സംഭരിക്കാനാണ് ഇപ്പോൾ സാധിക്കുന്നത്. അതാണ് ബഹുമാന്യനായ അംഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയുമെല്ലാം ഒരു യോഗം വിളിച്ചുചേർത്തുവെന്ന് പറയുന്നത്. ആ യോഗം വിളിച്ചാലും മാർക്കറ്റിലൂടെ നമുക്ക് സംഭരിക്കാൻ കഴിയുന്നതേ സംഭരിക്കാൻ സാധിക്കൂ. എന്നാൽ സാധാരണ നിലയ്ക്ക് ഓരോ ഗ്രാമത്തിലുമുള്ള കടകളിൽ നിന്നും കച്ചവടക്കാർ കശുവണ്ടി വാങ്ങുമല്ലോ, അങ്ങനെ വാങ്ങുന്നതിനെ ആർക്കും നിരോധിക്കാൻ സാധിക്കില്ല. അതാണ് കശുവണ്ടി കുത്തക സംഭരണം ഇല്ലാത്തതിന്റെ പ്രത്യേകത. അത് വച്ച് അവിടെ കച്ചവടക്കാർ കശുവണ്ടി വാങ്ങിയിട്ടുണ്ടാകും. അതാണ് അങ്ങ് കച്ചവടക്കാരുമായി ഒത്തുകളിച്ചുവെന്ന് പറഞ്ഞത്. ഒരു ഒത്തുകളിയും അതിനകത്തില്ല. പരസ്യമായ കളിയേയുള്ളൂ. കാരണം ഇന്ന് അവർക്ക് അതിന് അവകാശമുണ്ട്. നേരത്തെയായിരുന്നുവെങ്കിൽ അതിന് തടസ്സമുണ്ടായിരുന്നു. ഇപ്പോൾ ആ തടസ്സമില്ല. അതാണ് സംഭവിച്ചത്. അതോടൊപ്പം ആവശ്യമായത്ര കശുവണ്ടി സംഭരിക്കാൻതന്നെയാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

ഇ.എസ്.ഐ. ആനുകൂല്യം കഴിയാവുന്നത്ര തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന നില തന്നെയാണ് സ്വീകരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലുള്ള കർക്കശമായ

വ്യവസ്ഥകളൊന്നും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായി വരുന്നില്ല. ഇവിടെ 82000 തൊഴിലാളികൾക്ക് ഇ.എസ്.ഐ.യുടെ ചികിത്സാ നൽകുന്ന നിലയുണ്ട്. അത് ഇ.എസ്.ഐ. ഏതെങ്കിലും നിലയിൽ കർക്കശനിലപാട് സ്വീകരിക്കുന്നില്ല എന്നുതന്നെയാണ് കാണിക്കുന്നത്. മാത്രമല്ല സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷൻ കശുവണ്ടി മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാമെന്ന് ധാരണയും ആയിട്ടുണ്ട്. നമ്മുടെ സ്വകാര്യമേഖലയും സാധാരണനിലയ്ക്ക് വളരെ താൽപ്പര്യപൂർവ്വം ഈ ബിസിനസ്സിൽ ഏർപ്പെട്ടവരാണ്. ദീർഘകാലത്തെ അനുഭവം............

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാൻ നിശ്ചിതമായ ഹാജർ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇ.എസ്.ഐ. കോർപ്പറേഷൻ അതിൽ ഉറച്ചുനിൽക്കുന്നതുകൊണ്ടാണ് ഈ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം കിട്ടാത്തത്. അത് ഇളവ് ചെയ്യാനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനും തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്നുള്ളതാണ് തൊഴിലാളികളുടെ പ്രധാനപ്പെട്ട ആവശ്യം. അങ്ങ് പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല.

അത് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: ഇതിൽ ഇ.എസ്.ഐ.യുടെ വിഹിതത്തിന്റെ പ്രശ്നമുണ്ട്. ഒന്നോ രണ്ടോ ദിവസത്തെ ആ വിഹിതം അടച്ചാൽ തന്നെ ഈ പറയുന്ന ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന നിലയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടാണ് എൺപത്തിരണ്ടായിരത്തോളം തൊഴിലാളികൾക്ക് ചികിത്സ നൽകുന്നതിന് കഴിഞ്ഞിട്ടുള്ളത്. അതിന്റെ മറ്റ് കാര്യങ്ങൾ തൊഴിൽ വകുപ്പുകൂടി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് ഇ.എസ്.ഐ. കോർപ്പറേഷൻ ഈ മേഖലയിലെ സവിശേഷമായ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാമെന്ന് ധാരണ ആയിട്ടുള്ളത്.

കശുവണ്ടി സംഭരിക്കുന്ന പ്രശ്നത്തിൽ പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിന് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പക്സുമൊക്കെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൃഷിവകുപ്പുമന്ത്രിയുമായി ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്തിട്ടുണ്ട്. നല്ല രീതിയിൽ ആ മേഖലയിൽ നിന്നും സംഭരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. ഇവിടെ അങ്ങ് പറഞ്ഞ ഒരു കാര്യം, മറ്റ് സംസ്ഥാനങ്ങളിൽ കശുവണ്ടി വച്ചുപിടിപ്പിക്കുന്നത് എത്രത്തോളം പുരോഗമിച്ചുവെന്നുള്ളതാണ്. ആന്ധ്രയിലാണ് ഒരു ശ്രമം നമ്മുടെ

ബഹുമാന്യനായ മന്ത്രി ഇടപെട്ട് നടത്തിയത്. പക്ഷേ പിന്നീട് ആന്ധ്രാ ഗവൺമെന്റ് അത് വിഷമമാണ് എന്ന് പറഞ്ഞിട്ടുണ്ട്. നമ്മൾ ഇപ്പോൾ കാണേണ്ടത്, നമ്മൾ പഴയ ധാരണയിൽ നിന്നുകൊണ്ടാണ് ഇതൊക്കെ ചിന്തിക്കുന്നത്. നമ്മുടെ പഴയ ധാരണ എന്താണ്? കേരളത്തിൽ മാത്രമാണ് കശുവണ്ടി ഉല്പാദിപ്പിച്ചിരുന്നതും സംസ്കരിച്ചിരുന്നതെന്നതും. ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളിലും കശുവണ്ടി സംസ്കരിക്കൽ തുടങ്ങി. അവിടെ കശുവണ്ടി നട്ടുവളർത്താൻ സാധിക്കുമെങ്കിൽ അവർക്ക് തന്നെ ആ കശുവണ്ടി ഉപകരിക്കുമല്ലോ? മറ്റ് സംസ്ഥാനങ്ങളിൽ കശുമാവ് വളർത്തി തോട്ടണ്ടി ഇങ്ങോട്ട് കൊണ്ടുവരാം എന്ന് ചിന്തിച്ചാൽ അതൊന്നും അത്രകണ്ട് പ്രായോഗികമായ കാര്യങ്ങളല്ല. അതാണ് അവസാനം പിൻവാങ്ങിയെതെന്നാണ് തോന്നുന്നത്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് തന്നെ ആറളം ഫാമിൽ നിന്ന് ഈ വർഷം 20 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കണ്ണൂരിൽ നിന്നും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ടെണ്ടർ മുഖാന്തരം എടുക്കാൻ കാപ്പക്സ് നടപടിയും സ്വീകരിച്ചുവരുന്നു. നമ്മുടെ സംസ്ഥാനത്തിലെ ആഭ്യന്തര രംഗത്തുള്ള തോട്ടണ്ടിയാകെ സംഭരിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ഇവിടെ സ്വകാര്യ മുതലാളിമാരെക്കുറിച്ച് പറഞ്ഞത്, സ്വകാര്യ മുതലാളിമാർ

നല്ല രീതിയിൽ തന്നെ ഈ രംഗത്ത് പ്രവർത്തിച്ചവരാണ് നമ്മുടെ കശുവണ്ടി മേഖലയുടെ വികസനത്തിനുവേണ്ടി നല്ല പങ്ക് വഹിച്ചവരുമാണ്. ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് വ്യവസായം നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം വന്നതിനാൽ അത് അടഞ്ഞുകിടക്കുന്ന നിലവന്നത്. അത് തുറക്കുക എന്നത് വളരെ പ്രധാനമാണ്. അതുകൊണ്ടാണ് ബാങ്കുകളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചർച്ച ചെയ്യാൻ തയ്യാറായത്. ഇവിടെ നിർഭാഗ്യകരമായ ഒട്ടേറെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങ് ഒരാൾ ആത്മഹത്യ ചെയ്ത കാര്യം പറയുകയുണ്ടായി, അത് വസ്തുതയാണ്. എനിക്ക് ആത്മഹത്യയല്ലാതെ മറ്റ് വഴിയുണ്ടാകില്ലെന്ന് ആ നിർഭാഗ്യവാൻ നേരത്തെതന്നെ പറഞ്ഞിരുന്നു. ബാങ്ക് സ്വീകരിച്ച നടപടിയുടെ മുന്നിൽ നിസ്സഹായനായി അദ്ദേഹം ആത്മഹത്യ ചെയ്തു. അതിന്റെ തുടർച്ചയായി വേറൊരാളും ആത്മഹത്യയ്ക്ക് ശ്രമിച്ചുവെന്ന് അങ്ങ് പറയുകയുണ്ടായി. ഒരു കൂട്ടം ആളുകൾ സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്ന് അവർ എന്നോട് പറഞ്ഞു, ഇതിൽ അങ്ങ് ഇടപെടുന്നില്ലെങ്കിൽ ഞങ്ങൾക്ക് വേറെ മാർഗ്ഗമൊന്നുമില്ല ആത്മഹത്യമാത്രമേ മാർഗ്ഗമുള്ളൂ. അതിൽ ഒരാൾ പറഞ്ഞത്, അദ്ദേഹത്തിന്റെ രണ്ട് മക്കളുടെയും വീട് ജപ്തി ചെയ്തു കഴിഞ്ഞു. എന്റെ വീടും കൂടി ജപ്തിചെയ്യാൻ പോകുകയാണ്. ഇതുവന്നാൽ വേറെ മാർഗ്ഗമൊന്നുമില്ല,

ഞങ്ങൾ ആത്മഹത്യ ചെയ്യേണ്ടിവരും. ഇത്തരം ഒരു സാഹചര്യം ഈ രംഗത്ത് നിലനിൽക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇവരെ ആകെ വിളിച്ചുകൂട്ടിയത്. ആ യോഗത്തിൽ റിസർവ്വ് ബാങ്കിന്റെ പ്രതിനിധിയേയും വിളിച്ചു. നല്ല ചർച്ചയായിരുന്നു. റിസർവ് ബാങ്കിനോടാണ് പ്രധാനമായും പറഞ്ഞത്, നിങ്ങൾ ഇതിൽ ഇടപെട്ട് ക്രമീകരണമുണ്ടാക്കണം. അങ്ങനെയാണ് ഞാൻ നേരത്തെ പറഞ്ഞ തൽക്കാലം നിർത്തിവയ്ക്കലും മറ്റ് പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിക്കാമെന്നെല്ലാമുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയത്. അത് ഒന്നുകൂടി തുടർന്ന് മുന്നോട്ട് കൊണ്ടുപോകേണ്ടതായിട്ടുണ്ട്. അതോടൊപ്പം വ്യവസായവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. അത് ട്രേഡ് യൂണിയനുകളുമെല്ലാമായി ചർച്ച ചെയ്ത് വ്യവസായം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാഹചര്യം അവിടെ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങൾ ചർച്ച ചെയ്ത് ചില പ്രതിസന്ധിയുടെ ഭാഗമായി സ്വീകരിക്കേണ്ട ചില നടപടികൾ സ്വീകരിച്ചുകൊണ്ടുപോകാൻ സന്നദ്ധമാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ എന്തൊക്കെ ചെയ്യണോ ആ കാര്യങ്ങൾ ചെയ്യാൻ സർക്കാർ സന്നദ്ധവുമാണ്. അങ്ങനെയാണ് കശുവണ്ടി മേഖലയെ പൊതുവെ സമീപിക്കുന്നത്. നല്ല

അന്തരീക്ഷം കശുവണ്ടി രംഗത്തുണ്ടാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഒന്നുകൂടി എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ പ്രത്യേക ആവശ്യം ഇപ്പോൾ ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.' ഇടതുമുന്നണിയുടെ പ്രകടന പത്രികയിലെ 98-ാം മതായിട്ടുള്ള വാഗ്ദാനമാണ് ഞാൻ ഇവിടെ പറഞ്ഞത്. കേരളത്തിൽ ഇന്ന് 50 വൻകിട ഫാക്ടറികൾ ഒഴിച്ച് ബാക്കിയുള്ള എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. കേരളത്തിൽ മൊത്തം 824 ഫാക്ടറികളാണുള്ളത്. രണ്ട്-രണ്ടര ലക്ഷത്തോളം തൊഴിലാളികൾ കടുത്ത പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്.

കേരളത്തിൽ ഈ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഒമ്പത് ലക്ഷം തോട്ടണ്ടി വേണം. 75,000 ടൺ തോട്ടണ്ടി മാത്രമാണ് നമ്മൾ ഉത്പാദിപ്പിക്കുന്നത്. ആഫ്രിക്കൻ തോട്ടണ്ടി കച്ചവടം മൊത്തം അഗ്രോ ട്രേഡ് കോർപ്പറേഷന്റെ കൈവശത്തിലാണ്. അവരുടെ ഊഹക്കച്ചവടം പലപ്പോഴും തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ നമുക്കുണ്ടാക്കുന്നുണ്ട്. കേരളത്തിലെ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും കൊടുക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഈ വർഷത്തെ സ്ഥിതി എന്താണ് എന്നറിയാമോ; കാഷ്യൂ കോർപ്പറേഷന് കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ഉത്പാദിപ്പിച്ച ഒരു കശുവണ്ടി പോലും കിട്ടിയില്ല. ഫാമിംഗ് കോർപ്പറേഷൻ ഉത്പാദിപ്പിച്ച ഒരു കശുവണ്ടി പോലും കിട്ടിയില്ല. കേരള പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിംഗ് കോർപ്പറേഷനും കേരളത്തിൽ ഉല്പാദിപ്പിച്ച കശുവണ്ടി പോലും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും കൊടുത്തില്ല എന്നത് ഈ ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള താൽപ്പര്യക്കുറവ് വ്യക്തമാകുന്ന ഒരു കാര്യമാണ്. എല്ലാ ഫാക്ടറികളും തുറക്കുമെന്ന് പ്രഖ്യാപിച്ചാണ് ഈ ഗവൺമെന്റ് അധികാരത്തിൽ കയറിയത്. സ്വകാര്യ മേഖലയിലെ 700 കശുവണ്ടി ഫാക്ടറികൾ സമ്പൂർണ്ണമായി പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്ത് ഏറ്റവും ശക്തമായ ആരോപണമുന്നയിച്ചത് മാനേജ്മെന്റുകളുമായി/ മുതലാളിമാരുമായി ഒത്തുകളിക്കുന്നതുകൊണ്ടാണ് ഈ കശുവണ്ടി ഫാക്ടറികൾ തുറക്കാത്തത് എന്നാണ്. ഒന്നുകൂടി പറഞ്ഞാൽ, ഞങ്ങൾ അധികാരത്തിൽ വന്നാൽ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുമെന്ന് പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രി ഏതെങ്കിലുമൊരു സ്വകാര്യ കശുവണ്ടി ഫാക്ടറി ഏറ്റെടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞില്ല. കഴിഞ്ഞ കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ഉന്നയിച്ച ആരോപണമിതായിരുന്നു. 'നിങ്ങൾ എന്തുകൊണ്ട് തുറക്കാത്ത സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുന്നില്ല' എന്നുള്ളതായിരുന്നു. ചരിത്രത്തിലെ ഏറ്റവും വലിയ പതനത്തിലാണ് ഈ പരമ്പരാഗത വ്യവസായം ഇന്ന് എത്തിച്ചേർന്നിരിക്കുന്നത്. തൊഴിലാളികൾക്ക് പട്ടിണി മാറ്റാനുള്ള യാതൊരു നടപടിയുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫാക്ടറി തുറക്കാൻ കഴിയാത്തതുകൊണ്ട് 4,000/- രൂപ അവർക്ക് ഇൻസെന്റീവായി കൊടുത്തിരുന്നു. അതുപോലെ തന്നെ ഇപ്പോൾ ഇ.എസ്.ഐ. ആനുകൂല്യം നിലച്ച കാര്യം ഇവിടെ പറഞ്ഞു. റിട്ടയർ ചെയ്തവർക്ക് ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ചെറുകിട ഫാക്ടറി ഉടമകൾ അങ്ങയെ കണ്ടതിനുശേഷം എന്നെ വന്നുകണ്ടിരുന്നു. കൊല്ലം,

തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഒന്നും രണ്ടും കശുവണ്ടി ഫാക്ടറികൾ നടത്തുന്നവരുള്ളത്. മിക്കവാറും പേർ ആത്മഹത്യയിലേക്ക് പോകുകയാണ്. ഒരാൾ ആത്മഹത്യ ചെയ്തു. 91 ഫാക്ടറി ഉടമകൾക്ക് ബാങ്കിൽ നിന്നും നോട്ടീസ് നൽകിയിരിക്കുകയാണ്. സർഫാസി നിയമം അനുസരിച്ച് 55 ഫാക്ടറികൾക്ക് ജപ്തി നോട്ടീസ് ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. നൂറോളം സ്ഥാപനങ്ങൾ എൻ.പി.എ.-യുടെ വക്കത്താണ്. 60-ൽപ്പരം വ്യവസായ സ്ഥാപനങ്ങൾ എൻ.പി.എ. ആയിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ ദുരവസ്ഥയ്ക്ക് ഈ സർക്കാർ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചതായി കാണാൻ കഴിയുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞങ്ങൾ തൊഴിലാളി പ്രതിനിധികളോടൊപ്പം പോയി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഇവിടെ സൂചിപ്പിച്ചതുപോലെ, ബാങ്കർമാരുടെ യോഗം വിളിച്ചുകൂട്ടിയെന്നാണ്. ഇത് അവരുടെ ഒരു യോഗം വിളിച്ചുകൂട്ടിയാൽ അങ്ങനെ തീരുന്ന ഒരു പ്രശ്നമാണെന്ന് ഞാൻ കണക്കാക്കുന്നില്ല. രണ്ട് കാര്യങ്ങൾ അടിയന്തരമായി ചെയ്യണം. ഒന്ന്, ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സെയിൽസ് ടാക്സിന്റെ RR അടിയന്തരമായി നിർത്തിവയ്ക്കണം. അതുപോലെ തന്നെ കേന്ദ്രഗവൺമെന്റിൽ ഇടപെട്ട്, കേന്ദ്ര ഗവൺമെന്റിനെ ഇടപെടുവിച്ചുകൊണ്ട്

റിസർവ് ബാങ്കുമായി .....

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങനെയുള്ള നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട് അങ്ങ് പറയുന്നതിന് മുമ്പ് തന്നെ ആക്ഷേപങ്ങൾ കിട്ടിയിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിംഗ് കോർപ്പറേഷനും ഒന്നും കൊടുത്തില്ല എന്ന് പറയുന്നത് ശരിയല്ല. ഈ വർഷത്തെ ടെണ്ടർ നടപടിയിൽ ചില സ്ഥലത്ത് പങ്കെടുക്കാൻ കഴിഞ്ഞില്ല. അതിൽ ഉടൻ തന്നെ ഗവൺമെന്റ് ഇടപെടുകയും പ്ലാന്റേഷൻ കോർപ്പറേഷന്റെ ബാക്കിയുള്ള എല്ലാ തോട്ടങ്ങളിൽ നിന്നും കാപ്പെക്സിന് കൊടുക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കശുവണ്ടി പൂർണ്ണമായും കാപ്പെക്സിനാണ് കൊടുക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി, ഒന്നുകൂടി പരിശോധിക്കണം. മുഖ്യമന്ത്രിയെയും കണ്ട് പറഞ്ഞതാണ്. ഇവർ ടെണ്ടറിൽ പങ്കെടുക്കാത്തതുകൊണ്ടാണോ എന്നറിയില്ല......

ശ്രീ. എം. നൗഷാദ്: സർ, കശുവണ്ടി മേഖലയിലെ പ്രധാനപ്പെട്ട പ്രതിസന്ധിയെപ്പറ്റിയാണ് അങ്ങ് ഉന്നയിച്ചിട്ടുള്ളത്. അതിലേറ്റവും പ്രധാനം

കശുവണ്ടിയുടെ ലഭ്യതയാണെന്ന് നമുക്കറിയാം. വിദേശത്തുനിന്നാണ് കശുവണ്ടി കൊണ്ടുവന്നുകൊണ്ടിരുന്നത്. കശുവണ്ടി കൊണ്ടുവന്നു കൊണ്ടിരുന്നപ്പോൾ അതിന് ഇറക്കുമതിക്ക് ടാക്സ് ഏർപ്പെടുത്തിയത് ബഹുമാന്യനായ കൊല്ലം എം.പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രഗവൺമെന്റ് ഭരിക്കുന്നത് ശ്രീ. നരേന്ദ്ര മോഡി ഗവൺമെന്റാണെന്നാണ് എന്റെ വിശ്വാസം. അല്ലാതെ ശ്രീ. എൻ. കെ. പ്രേമചന്ദ്രനാണെന്നുള്ള കാര്യം എനിക്കറിയില്ലായിരുന്നു. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ധനകാര്യ വകുപ്പുമന്ത്രി അല്ലെങ്കിൽ പ്രധാനമന്ത്രിയാണെന്നുള്ള കാര്യം എനിക്കറിയില്ലായിരുന്നു. അതൊരു പുതിയ കണ്ടുപിടിത്തമാണ്. 5 ശതമാനം ടാക്സ് ഏർപ്പെടുത്തരുതെന്ന് ശ്രീ. എൻ. കെ. പ്രേമചന്ദ്രനാണ് ശ്രീ. നരേന്ദ്ര മോഡിയോട് പറഞ്ഞതെന്നുപറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്; എന്താണ് സംഭവിക്കുന്നത്? .......(ബഹളം)......ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി.....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....ശ്രീ. എം. നൗഷാദ് ചോദിച്ചു, പ്രതിപക്ഷ നേതാവ് മറുപടി പറഞ്ഞു. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഏതായാലും ബഹുമാന്യനായ അംഗം

ശ്രീ. എം. നൗഷാദ് ഈ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമാണല്ലോ; അത് പരിശോധിക്കട്ടെ. അങ്ങ് അതിന് സന്നദ്ധനാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ഇ. പി. ജയരാജനും കശുവണ്ടിയുമായി ബന്ധം എന്താണ്; ഞങ്ങൾ കൊല്ലത്തുള്ള കാര്യമാണ് പറയുന്നത്. .....(ബഹളം)..... അങ്ങ് കശുവണ്ടി കഴിക്കുമെന്നല്ലേയുള്ളൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാന്യനായ അടൂർ പ്രകാശ് പറഞ്ഞത്, സ്വകാര്യ മേഖലയിലുള്ള കമ്പനികൾ കണ്ണൂരിൽ വന്ന് കശുവണ്ടി സംഭരിക്കുന്നുവെന്നാണ്. കണ്ണൂരിന്റെ ഒരു ഭാഗം കശുവണ്ടി മേഖലയാണ്. ഇന്ത്യയിലെ തന്നെ നമ്പർ വൺ കശുവണ്ടിയുള്ളത് ഇരിട്ടി മേഖലയിലാണ്. ആറളം ഫാമിലാണ് ഏറ്റവും ഗുണനിലവാരമുള്ള കശുവണ്ടിയുള്ളത്. കശുവണ്ടി ഉൽപ്പാദിക്കുന്നൊരു നാടാണത്. അങ്ങേയ്ക്ക് അതറിയില്ല എന്ന് ഞാൻ മനസ്സിലാക്കിയില്ല. ശ്രീ. അടൂർ പ്രകാശ് പറഞ്ഞത്, സ്വകാര്യ മേഖല അത് സംഭരിക്കാൻ പാടില്ലെന്നാണ്. ആ കമ്പനി കൂടി പൂട്ടിക്കണമെന്നാണ് ഈ പറഞ്ഞതിനർത്ഥം. എവിടെയെത്തും അവിടത്തെ തൊഴിലാളികൾ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാനും കൊല്ലത്തുകാരനാണല്ലോ; ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ,

അതായത് നിങ്ങളുടെ ഭരണം അവസാനിക്കുന്ന സമയത്ത് ഈ മേഖലയിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനുമാണത്. ഇതിന്റെ രണ്ടിന്റെയും ഉടമസ്ഥതയിലുണ്ടായിരുന്ന എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. താങ്കൾ അംഗമായിരുന്ന ഗവൺമെന്റ് അധികാരം അവസാനിപ്പിക്കുന്ന സമയത്ത് ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയായിരുന്നു. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്നു പ്രവർത്തിപ്പിച്ചു. ഈ ഗവൺമെന്റ് വന്ന ആദ്യത്തെ ഓണക്കാലത്ത് തന്നെ ഈ രണ്ട് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിച്ചു. ഈ ഒരാഴ്ച അല്ലെങ്കിൽ 10 ദിവസങ്ങൾക്കുമുമ്പാണ് കശുവണ്ടി തീർന്നതുകൊണ്ട് പൂട്ടിയത് എന്നുപറഞ്ഞാൽ അതിന്റെയർത്ഥം ഏതാണ്ട് ഒന്നര വർഷക്കാലത്തോളം ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെയും എല്ലാ തൊഴിലാളികൾക്കും എല്ലാ ദിവസവും ജോലി കൊടുത്ത ഗവൺമെന്റാണിത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജു പറഞ്ഞത് അടിസ്ഥാനരഹിതമായ കാര്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്..... 285 ദിവസം വരെ 2011-2012-ൽ ജോലി കൊടുത്ത ഗവൺമെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. കണക്കുണ്ടല്ലോ; ഇപ്പോൾ 100

ദിവസം പോലും തികച്ച് കൊടുക്കുന്നില്ല. ....(ബഹളം)....ഞാൻ ഒന്ന് ചോദിക്കട്ടെ, ഇവിടെ.....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്. അങ്ങ് വാക്കൗട്ട് പ്രസംഗത്തിനിടെ വഴങ്ങേണ്ട...ഇരിക്ക്...ഇരിക്ക്....അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഇനിയാർക്കും വഴങ്ങുന്നില്ല. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല.....(ബഹളം).....പ്ലീസ്...പ്ലീസ്. ശ്രീ. എം. നൗഷാദ് ഇരിക്കു....പ്ലീസ്....പ്ലീസ്......അങ്ങ് സംസാരിക്കു....നിങ്ങൾ ഇരിക്കു......

ശ്രീ. രമേശ് ചെന്നിത്തല: കേരളത്തിലെ 824 ഫാക്ടറികളും അടഞ്ഞു കിടക്കുകയാണ്. 50 വൻകിട എക്സ്പോർട്ടേഴ്സിന്റെ കമ്പനി മാത്രമേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കെ. രാജു ഈ വസ്തുതകൾ കാണാതെ പറയുകയാണ്. കാഷ്യു കോർപ്പറേഷന്റെയും കാപ്പക്സിന്റെയും തലപ്പത്ത് വൻ ശമ്പളത്തിന് ഇഷ്ടക്കാരെ കുടിയിരുത്തിയിരിക്കുകയാണ്. ഫാക്ടറികൾ അടഞ്ഞു കിടക്കുമ്പോഴും തൊഴിലാളികൾ പട്ടിണി കിടക്കുമ്പോഴും കാപ്പക്സിലെ ധൂർത്തിന് യാതൊരു കുറവുമില്ല. കാപ്പക്സ് പ്രവർത്തിക്കുന്നില്ലെങ്കിലും കഴിഞ്ഞ 18 മാസത്തിനിടയിൽ 3 വില കൂടിയ കാറുകളാണ് കാപ്പക്സ് മാനേജ്മെന്റ് വാങ്ങിയത്.

2 ഹോണ്ടാ സിറ്റി കാറും ഒരു സിയാസ് കാറുമാണ് വാങ്ങിയത്. കാഷ്യൂ കോർപ്പറേഷന്റെ പ്രതിമാസ നഷ്ടം 7.89 കോടി രൂപയും കാപ്പക്സിന്റെ പ്രതിമാസ നഷ്ടം 3.69 കോടി രൂപയുമാണ്. നഷ്ടം കുറയ്ക്കാൻ എന്തെങ്കിലും ചെയ്തോ; എന്തിനാണ് ആഡംബര കാറുകൾ വാങ്ങിക്കൂട്ടുന്നത്. ഇനി കാറുകൾ വാങ്ങുകയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. കാപ്പക്സിനും കാഷ്യൂ കോർപ്പറേഷനും വാങ്ങിയ വില കൂടിയ കാറുകൾ എന്തിനുവേണ്ടിയാണ്; ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നില്ല, കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യമില്ല, തൊഴിലില്ല, ശമ്പളമില്ല. അപ്പോഴാണ് കാപ്പക്സിൽ വില കൂടിയ കാറുകൾ വാങ്ങിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ കാഷ്യൂ ബോർഡിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കാഷ്യൂ ബോർഡ് ഇപ്പോൾ ഒരു വെള്ളാനയായി മാറിയിരിക്കുകയാണ്. ഇടനിലക്കാരെ ഒഴിവാക്കാനായി കാഷ്യൂ ബോർഡിന്റെ ഉദ്യോഗസ്ഥർ ആഫ്രിക്കൻ രാജ്യങ്ങളിൽ പോയി. വിദേശ യാത്രകൾ നടത്തിയെങ്കിലും ഒരു കിലോ കശുവണ്ടിപോലും വാങ്ങാൻ അവർക്ക് കഴിഞ്ഞില്ല. ഇടനിലക്കാർ വഴിയാണ് ഇപ്പോഴും കശുവണ്ടി വാങ്ങുന്നത്. ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരം ഏറ്റെടുത്തതിന് തൊട്ടുപിന്നാലെ ആഫ്രിക്കയിൽനിന്നും തോട്ടണ്ടി വാങ്ങിയതിലുള്ള അഴിമതിയെപ്പറ്റി ശ്രീ. വി. ഡി.

സതീശൻ ഇവിടെ ഉന്നയിച്ചതാണ്. ശ്രീ. ലോക്നാഥ് ബെഹ്റ വിജിലൻസ് ഡയറക്ടറായിരുന്ന സന്ദർഭത്തിൽ എല്ലാ അഴിമതി കേസുകളും അദ്ദേഹം എഴുതിത്തള്ളി. ആ കൂട്ടത്തിൽ എഴുതിത്തള്ളിയ കേസാണ് കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. മുങ്ങിത്താഴുന്ന കശുവണ്ടി വ്യവസായത്തെ..... എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സർക്കാരിന്റെ പണം തിന്നുകൊണ്ടിരിക്കുന്നത്. രസകരമായ കാര്യമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്......

<u>ശ്രീ. വി. ഡി. സതീശൻ:</u> കശുവണ്ടിയെ സംബന്ധിച്ച് ഈ നിയമസഭയിൽ ഉന്നയിച്ച ആരോപണം മന്ത്രിക്കെതിരായുള്ള ആരോപണമല്ല. അവിടത്തെ ഉദ്യോഗസ്ഥർക്കെതിരെയും കശുവണ്ടി കോർപ്പറേഷന്റെ എം.ഡി.-ക്കെതിരായുമാണ് ആരോപണമുന്നയിച്ചത്. ആ എം.ഡി. എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ അതേ ബാച്ചിലുള്ള, അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സ്നേഹിതനായ മറ്റൊരു വിജിലൻസ് എസ്.പി.-യെക്കൊണ്ടാണ് ഈ കേസ് അന്വേഷിപ്പിച്ച് തള്ളിയതെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാമോ;

<u>ശ്രീ. രമേശ് ചെന്നിത്തല:</u> തീർച്ചയായും. ശ്രീ. ലോക്നാഥ് ബെഹ്റ

വിജിലൻസ് ഡയറക്ടറായിരുന്ന കാലത്ത് എല്ലാ അഴിമതി കേസുകളും അദ്ദേഹം എഴുതിത്തള്ളുകയാണുണ്ടായത്. അതിലൊരു കേസാണിത്. കശുവണ്ടി മേഖലയിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് അറിയാമോ; 2.5 ലക്ഷം തൊഴിലാളികൾക്ക് ജോലിയില്ല. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ, കാഷ്യു സ്പെഷ്യൽ ഓഫീസ്, കാഷ്യു ബോർഡ് ഇങ്ങനെ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. 2.5 ലക്ഷം തൊഴിലാളികൾ പട്ടിണിയിലും പരിവട്ടത്തിലും കഴിയുമ്പോൾ അതിനെപ്പറ്റി ചിന്തിക്കാതെ ഈ സ്ഥാപനങ്ങളിൽ കാറുകൾ വാങ്ങുകയും ധൂർത്തുമായി മുന്നോട്ടുപോകുകയുമാണ് ചെയ്യുന്നത്. മിനിമം കൂലി കൊടുക്കാതിരിക്കാൻ യു.ഡി.എഫ്.-ഉം മാനേജ്മെന്റുകളും ഒത്തുകളിച്ച് ഫാക്ടറികൾ അടച്ചുപൂട്ടിയെന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞത്. ഇപ്പോൾ എന്താണ് തുറക്കാത്തത്; ഇപ്പോൾ എന്തുകൊണ്ടാണ് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുക്കാത്തത്; കശുവണ്ടി തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാകുകയാണ്. ഇവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതറിയണം. ദേശീയതലത്തിൽ ഒരു ഉത്തേജന പാക്കേജ് കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര

ഗവൺമെന്റിന് സമർപ്പിച്ചു. മുഖ്യമന്ത്രി ഇടപെട്ട് അടിയന്തരമായി ഈ ഉത്തേജന പാക്കേജ് കേന്ദ്ര സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. കാരണം, കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ഉണ്ടെങ്കിലേ ഇത് മുന്നോട്ടുപോകൂ. 5 ശതമാനം ടാക്സുണ്ടായിരുന്നത് ഇപ്പോൾ 2 ശതമാനമായി കുറച്ചു. ടാക്സ് കുറച്ചെങ്കിലും പ്രശ്നം തീരുന്നില്ല. അത് പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ തോട്ടണ്ടിയുടെ വിലയിൽ കുറവുണ്ടാകുകയുള്ളൂ. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്, ഒരുകാലത്ത് കേരളത്തിന് കശുവണ്ടിയുടെ കാര്യത്തിൽ കുത്തകയുണ്ടായിരുന്നു. ഇന്ന് മറ്റ് സംസ്ഥാനങ്ങളിലും കശുവണ്ടി ഉത്പാദിപ്പിക്കുന്നു. വിയറ്റ്നാം ഏറ്റവും വില കുറച്ച് പ്രോസസിംഗ് നടത്തി കശുവണ്ടി മാർക്കറ്റിലെത്തിക്കുന്നു. നമ്മുടെ പ്രോസസിംഗിന് ചെലവ് കൂടുതലാണ്. ചെലവ് കുറച്ച് പ്രോസസ് ചെയ്ത് മെക്കനൈസേഷൻ നടത്തി വിയറ്റ്നാമിൽനിന്നും ലഭിക്കുന്ന കശുവണ്ടി നമ്മുടെ മാർക്കറ്റിൽ ഇന്ന് സജീവമാണ്. മാത്രമല്ല, പല ഉത്പ്പന്നങ്ങൾക്കും ഉപയോഗിക്കുന്ന വിയറ്റ്നാം പോലുള്ള സ്ഥലങ്ങളിൽ നിന്ന് വരുന്ന പൊടി രൂപത്തിലുള്ള കശുവണ്ടി ഇവിടെ വ്യാപകമാകുകയാണ്. അതുകൊണ്ടും ഒരു പ്രതിസന്ധി കാഷ്യൂ വ്യവസായത്തെ നേരിടുന്നുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഈ വ്യവസായം വലിയ തോതിലുള്ള പ്രതിസന്ധി

നേരിടുകയാണ്. ആന്ധ്രയിൽ പോയി കൃഷി ചെയ്യുമെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞു. ആന്ധ്രയിലെ മന്ത്രിയുമായി ചർച്ച ചെയ്തുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി സമ്മതിച്ചു. അത് നടന്നില്ല.

പക്ഷെ, ഗവർണറെക്കൊണ്ട് അത് പറയിക്കേണ്ടായിരുന്നു. 6.5 കോടി രൂപ അതിനായി വകയിരുത്തി. ഒരു രൂപ പോലും ചെലവഴിച്ചില്ല. അതുപോലെതന്നെ ഇവിടെ കൂടുതൽ കശുമാവ് വച്ചുപിടിപ്പിക്കുമെന്ന് പറഞ്ഞു. അതിനുള്ള നടപടികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ലായെന്നുള്ളതാണ് സത്യം. കശുവണ്ടി ഉത്പാദന രാജ്യങ്ങളായ ടാൻസാനിയ, ഐവറികോസ്റ്റ്, മൊസാംബിക്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ വൻതോതിൽ കശുവണ്ടി ശേഖരിക്കുകയാണ്. അവരുമായി ഒരു കോമ്പറ്റീഷൻ ഈ കാര്യത്തിൽ നമുക്ക് നടത്താൻ കഴിയുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്ത്യയിൽ വിയറ്റ്നാമിൽ നിന്നുള്ള കശുവണ്ടി വൻതോതിൽ എത്തിച്ചേരുകയാണ്. അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ, എനിക്കിവിടെ ആവശ്യപ്പെടാനുള്ളത്, കശുവണ്ടി തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി ഒരു തൊഴിലാളിക്ക് 10,000/- രൂപ വീതമെങ്കിലും ഗവൺമെന്റ് നൽകണം. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഒറ്റ ഫാക്ടറികളുള്ള, ആത്മഹത്യയിലേയ്ക്ക്

എത്തിച്ചേരുന്ന കശുവണ്ടി ഫാക്ടറി ഉടമകളെ സഹായിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ മേഖലയിൽ പൂർണ്ണമായും നിലനിൽക്കുന്ന പ്രശ്നങ്ങൾ തൊഴിലാളികളുമായും മാനേജ്മെന്റുമായും സംസാരിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണം. പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾക്ക് എന്തും പറയാം. ഞാൻ അങ്ങനെ പറയുന്നില്ല. മുഴുവൻ ഫാക്ടറികളും ഏറ്റെടുക്കാമെന്ന് പറഞ്ഞ ആളുകളാണ് ഇവിടെ ഭരിക്കുന്നത്. നിങ്ങൾ ഏറ്റെടുക്കുമോ; നിങ്ങൾ പറയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ മുതലാളിമാരുമായി കച്ചവടമുണ്ടാക്കിയതിന്റെ ഫലമായാണ് ഫാക്ടറികൾ ഏറ്റെടുക്കാമെന്ന് പറഞ്ഞത്. ഏറ്റെടുക്കാൻ കഴിയുമോ; അപ്പോൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഒരു നിലപാടും അധികാരത്തിൽ വരുമ്പോൾ വേറൊരു നിലപാടും. അത് ശരിയായ നടപടിയല്ല. ഈ സംസ്ഥാനത്ത്, എന്റെ നിയോജകമണ്ഡലമടക്കമുള്ള സ്ഥലത്ത് കശുവണ്ടി ഫാക്ടറികളുണ്ട്. ഒന്നോ രണ്ടോ ഫാക്ടറികളേയുള്ളൂ. അതുകൊണ്ട് ഈ ഫാക്ടറികളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നം അതീവ ഗുരുതരമാണ്. കാപ്പക്സിലെയും കോർപ്പറേഷനിലെയും തൊഴിലാളികൾക്കുപോലും പണിയില്ല. ഈ ഗുരുതരാവസ്ഥ അടിയന്തരമായി ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ

പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭയിൽവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, കശുവണ്ടി തൊഴിലാളികളുടെ രോഷാഗ്നിയിൽ ഈ സർക്കാരിനെത്തന്നെ വറുത്തെടുക്കുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കാര്യ ഗൗരവമായി ചില വിഷയങ്ങൾ ഇവിടെ പറയുകയുണ്ടായി. രണ്ട് മക്കളുടെയും വീട് ജപ്തി ചെയ്ത് ഇനി തന്റെ വീടുകൂടി ജപ്തിചെയ്തുകഴിഞ്ഞാൽ ആത്മഹത്യ മാത്രമേ മാർഗ്ഗമുള്ളൂവെന്ന് പറഞ്ഞ ഒരു കശുവണ്ടി തൊഴിലാളിയുടെ വേദന അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അതുത്തന്നെ ഇത് ചർച്ചയ്ക്കെടുക്കേണ്ട ഒരു വിഷയമാണ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമുക്ക് പറയാൻ പറ്റും. മാത്രമല്ല, ഇവിടെ പറഞ്ഞതുപോലെ, 9 ലക്ഷം മെട്രിക് ടൺ കശുവണ്ടി വേണ്ടിടത്ത് 75,000 മെട്രിക് ടൺ മാത്രമാണ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. ഒരു കാരണത്താലും മാച്ച് ചെയ്തുപോകുന്ന രീതിയിലേയ്ക്ക് കശുവണ്ടി നമുക്ക് ഉണ്ടാക്കാൻ കഴിയില്ല. ആഫ്രിക്കൻ കൺട്രിയിലെ ടാൻസാനിയായിൽനിന്നും ഐവറികോസ്റ്റ്, മൊസാംബിക്കിൽനിന്നുമൊക്കെ ചർച്ച ചെയ്ത് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച്

പറയുന്നുണ്ട്. ആന്ധ്രയിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്ത് തോട്ടണ്ടി ഇവിടെ കൊണ്ടുവരുമെന്നൊക്കെ മന്ത്രി വാചാലമായി സംസാരിച്ചിരുന്നു. അത് നടക്കാത്ത സ്വപ്നമാണെന്ന് ഇപ്പോൾ ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞു. മാത്രമല്ല, അവിടെ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്കുതന്നെ ഉപയോഗിച്ചുകൂടേയെന്നുള്ള ഒരു ചിന്ത അവർക്ക് വരികയും മൊത്തത്തിൽ അവിടെ ഉത്പാദിപ്പിക്കാൻ തുടങ്ങുന്ന ഒരവസ്ഥ വരികയും ചെയ്യുന്നതോടുകൂടി കേരളത്തിന്റെ സ്ഥിതിയെന്താകും; ഇവിടെയുള്ള മുതലാളിമാർതന്നെ അവരുടെ ഫാക്ടറി പറിച്ചെടുത്ത് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയി അവിടെ ഉത്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുമ്പോൾ ഇവിടെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 2 ലക്ഷത്തോളം തൊഴിലാളികളും പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 16000-ത്തോളം തൊഴിലാളികളുടെയും അവസ്ഥയെന്താകും; തൊഴിൽ ദിവസം കിട്ടാത്തതുകൊണ്ട് അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം പോലുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ സർക്കാരിന്റെ വിഹിതം കൊടുക്കുകയാണെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയാണെങ്കിൽ അതെങ്കിലും ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഒന്നോ രണ്ടോ ദിവസം വിഹിതം അടച്ചിട്ടുള്ള തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യത്തിന്റെ ഭാഗമായി ചികിത്സ നൽകുന്നുണ്ട്. അതാണ് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, 82,000 തൊഴിലാളികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇ.എസ്.ഐ. കവറേജിൽപ്പെടാത്ത കശുവണ്ടി തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനു വേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കൊല്ലം ജില്ലയിൽ തന്നെ 30,000 തൊഴിലാളികൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. അവർക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

ഡോ. എം. കെ. മുനീർ: സർ, നമ്മൾ രണ്ട് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ കാര്യമാണ് പറയുന്നത്. ഹൃദ്രോഗവും മറ്റുള്ള മാരകമായ രോഗങ്ങളും പിടിപെട്ട് കഴിയുന്ന എല്ലാ തൊഴിലാളികൾക്കും അതിന്റെ ആനുകൂല്യം കിട്ടുന്നതിനുള്ള സൗകര്യം ചെയ്യണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇറങ്ങിപ്പോക്ക് പ്രസംഗം നീണ്ടുപോകരുത് എന്ന അങ്ങയുടെ ആഗ്രഹത്തോട് നിൽക്കണമെന്നുണ്ട്. പക്ഷേ വിഷയം ഇങ്ങനെയൊക്കെ വരുമ്പോൾ പറയാതെ എങ്ങനെ പോകും

എന്നുള്ളതാണ് ഞങ്ങളുടെ പ്രതിസന്ധി. അതുകൊണ്ടാണ് ഇത് പറയേണ്ടി വരുന്നത്. ഏതായാലും അങ്ങ് തന്നെ സമ്മതിച്ച സാഹചര്യത്തിൽ, മെയ് വരെ നമുക്ക് സമയം കിട്ടി എന്നാണ് പറയുന്നത്. മെയ് കഴിഞ്ഞാൽ വൺടൈം സെറ്റിൽമെന്റിലേയ്ക്ക് പോകും. അതിനർത്ഥം, ഈ രണ്ട് മാസംകൊണ്ട് നമ്മൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ? ഇപ്പോൾ ബാങ്കുമായി നടത്തിയ ചർച്ചപോലും എവിടെയും എത്താത്തൊരു സ്ഥിതിയിലേയ്ക്ക് വരികയാണ്. അപ്പോൾ ഇത് നമുക്കെല്ലാവർക്കുംകൂടി ഇരുന്ന് ചർച്ച ചെയ്ത്, ഇത്രയും വരുന്ന തൊഴിലാളികളുടെ കാര്യത്തിൽ എന്തിനാണ് ഒരു ഈഗോ ഇഷ്യൂ; നിങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞ കാര്യം വിശ്വസിച്ചിട്ടല്ലേ 11 എം.എൽ.എ.മാരെ അവിടെനിന്ന് ഇങ്ങോട്ട് അയച്ചത്. എന്നാൽ അവരിൽ ആരെങ്കിലും ഇക്കാര്യത്തെ കുറിച്ച് ഇവിടെ വന്ന് ഗൗരവമായി വിഷയത്തെ അവരാണ് പറയേണ്ടത്. ഇത് ചർച്ച ചെയ്യണമെന്ന് ആ പതിനൊന്ന് പേരാണ് പറയേണ്ടത്. ഞങ്ങൾ ആ പതിനൊന്നു പേർക്കുകൂടി വേണ്ടിയാണ് ഇവിടെ സംസാരിക്കുന്നത്. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യം ചർച്ച ചെയ്യാൻ വിസമ്മതിച്ചതിലുള്ള ഞങ്ങളുടെ പ്രതിഷേധം അറിയിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഡോ. എം. കെ. മുനീറും

അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കശുവണ്ടി മേഖല വലിയൊരു പ്രതിസന്ധിയെ നേരിടുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ചെറുകിട കശുവണ്ടി വ്യവസായം വൻ തകർച്ചയെ നേരിടുന്നു. അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന ചെറുകിട വ്യവസായികൾ, അവർ ജപ്തി നേരിട്ടവരുണ്ട്, ജപ്തി ഭീഷണിയുടെ മുന്നിൽ നിൽക്കുന്നവരുണ്ട്. ഇവിടെ അങ്ങുതന്നെ സമ്മതിച്ചതുപോലെ ഒരു വ്യവസായി ആത്മഹത്യ ചെയ്യുന്ന സാഹചര്യവും കേരളത്തിൽ കണ്ടിരിക്കുയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്യുന്നതും ചെറുകിട വ്യവസായികൾ ആത്മഹത്യ ചെയ്യുന്നതുമൊക്കെ കാണേണ്ടൊരു സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുന്നു. ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകണം എന്നുണ്ടെങ്കിൽ മിനിമം തൊഴിൽ ദിനങ്ങൾ വേണ്ട എന്ന നിലയിലാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇപ്പോൾ സൂചിപ്പിച്ചിരിക്കുന്നത്. പക്ഷേ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ പലർക്കും ലഭ്യമാകുന്നില്ല എന്നതൊരു വാസ്തവമാണ്. അതാണ് ഞങ്ങളിവിടെ ചൂണ്ടിക്കാട്ടിയത്. കഴിഞ്ഞ 2016 ഏഴാം മാസത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രതിസന്ധിയാണ് ഉള്ളത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിനോട് ചോദിച്ച ചോദ്യത്തിന് അന്ന്

ബഹുമാനപ്പെട്ട മന്ത്രി ഏതാണ്ട് എട്ടോളം വിഷയങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധികളെന്ത്; 11-07-2016-ൽ ചോദിച്ച ചോദ്യമാണ്. അതിന് അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, പ്രവർത്തന മൂലധനം സമയബന്ധിതമായി ലഭ്യമാക്കാത്തത് ഉൾപ്പെടെ എട്ടോളം വിഷയങ്ങളാണ് ഗവൺമെന്റ് നൽകിയ മറുപടി. അപ്പോൾ പ്രശ്നമെന്താണെന്ന് ഗവൺമെന്റ് പറയുകയും ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഇടപെടലുകൾ ഫലപ്രദമാവുകയോ ക്രിയാത്മകമാവുകയോ ചെയ്തിട്ടില്ല എന്നതാണ് ഇന്ന് ഈ വിഷയം വീണ്ടും സഭയിൽ ചർച്ച ചെയ്യേണ്ടതായി വന്നത്. എന്തായാലും ഇവിടെ ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നത്, ഈ തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള ആശ്വാസ പദ്ധതികൾ നൽകുവാൻ ഗവൺമെന്റ് തയ്യാറാകണം. ജപ്തി ഭീഷണി നേരിടുന്ന, അതിന്റെ വക്കിലെത്തി നിൽക്കുന്ന വ്യവസായികളെ ഈ പ്രതിസന്ധിയിൽനിന്ന് കര കയറ്റുവാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കണം. വളരെ ഗൗരവമേറിയ ഒരു പ്രശ്നം ഈ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. അനൂപ് ജേക്കബ്

സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം ഏറ്റവും രൂക്ഷമായി നിൽക്കുന്ന ഈ സന്ദർഭത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)